# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2256      18.06.2013- ൽ മറുപടിക്ക്

**കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ എണ്ണം എത്രയാണ്; | (എ) | ഹാൻവീവിൽ 6500 നെയ്ത്തുകാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ സജീവമായി പ്രവൃത്തിയെടുക്കുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ ഹാൻവീവിൽ 1238 നെയ്ത്തുകാർ സജീവമായി പ്രവൃത്തി എടുത്തു വരുന്നു. |
| (സി) | രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ അംഗബലം കുറയുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കുറഞ്ഞ തൊഴിൽ വരുമാനമാണ് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൺസ്ട്രക്ഷൻ മേഖല പോലുള്ള ഇതര തൊഴിൽ മേഖലകളെ അപേക്ഷിച്ച് വേതനത്തിലുള്ള കുറവ് തൊഴിലാളികളെ നെയ്ത്ത് മേഖലയിൽ നിന്നും അകറ്റുന്നു. |
| (ഡി) | എങ്കിൽ നെയ്ത്തുകാരുടെ വേതന വ്യവസ്ഥ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കൈത്തറി മേഖലയിൽ സർക്കാർ നിശ്ചയിച്ച മിനിമം കൂലി വ്യവസ്ഥയാണ് കോർപ്പറേഷനിലെ തൊഴിലാളികൾക്ക് നൽകി വരുന്നത്. തൊഴിലാളികളുടെ അപേക്ഷ പരിഗണിച്ച് 15-02-2013 മുതൽ അടിസ്ഥാന വേതനത്തിൽ 15 മുതൽ 20 ശതമാനം വരെ വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ